(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എന്നത്തേക്ക് ഇതിനെ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) ഈ സമാപനത്തിൽ ഇപ്പോൾ പുതിയ ഒ. പി. ബ്ലോക്ക്, ജറിയാട്രിക് വാർഡ്, മോർച്ചറി, എക്സ്റേ കെട്ടിടം, പുരുഷൻമാരുടെ വാർഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കെട്ടിടങ്ങൾ ഉൾപ്പെടെ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ മറ്റ് ഭൗതിക സൗകര്യങ്ങൾ ഒരുക്കിയശേഷം താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

നെടുമ്പന ടി. ബി. ആശുപത്രി

154 [1748] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമ്പന ടി. ബി. ആശുപത്രിയെ ജില്ലാ ടി. ബി. ആശുപത്രിയായി ഉയർത്തുന്നതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

നെടുമ്പന ആശുപത്രി നിലവിൽ 75 കിടക്കകളുള്ള ഒരു ഗവൺമെന്റ് ആശുപത്രിയാണ്. ഇവിടെ ടി. ബി. വാർഡും പ്രവർത്തിച്ചുവരുന്നു. ഇത് താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള വിശദമായ ശുപാർശ സമർപ്പിക്കാൻ കൊല്ലം ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

155 [1749] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജക മണ്ഡലത്തിൽ ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എക്സ്റേ സ്ഥാപിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എക്സ്റേ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം, ഇലക്ട്രിക്കൽ നിർമ്മാണ ജോലികൾ എന്നിവ പൂർത്തിയായത് സംബന്ധിച്ച അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഗർഭിണികൾക്കും കുട്ടികൾക്കുമായി ആർ.സി.എച്ച്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഇ) ഈ ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഉണ്ട്; അതിൽ ഒഴിവുള്ളത് എത്ര;

(എഫ്) ഇവിടെ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആലപ്പാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എക്സ്റേ മെഷീൻ സ്ഥാപിക്കുന്നതിന് അലഞ്ഞേഴ്സ് എക്സ്റേ മെഡിക്കൽ സിസ്റ്റംസ് എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവേശന നികുതി ഒടുക്കുന്നത് സംബന്ധിച്ച് ടി സ്ഥാപനം കത്തിടപാട് നടത്തുകയും ആരോഗ്യ വകുപ്പ് ഇതു സംബന്ധിച്ച തീരുമാനം അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനം ഉടനെതന്നെ എക്സ്റേ മെഷീൻ സ്ഥാപിക്കണമെന്ന് നിർദ്ദേശം നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) ഉണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ലേബർ റൂം ഓപ്പറേഷൻ തിയേറ്റർ എന്നിവ 8.57 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. മാതൃ-ശിശു ചികിത്സാ രംഗത്ത് മെച്ചപ്പെട്ട സേവനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഗർഭിണികൾക്ക് ഗർഭകാല പരിശോധനയും പരിചരണവും പ്രസവ ചികിത്സ, ശിശുക്കൾക്ക് പ്രതിരോധ കുത്തിവയ്പുകൾ എന്നിവ നൽകുന്നുണ്ട്.

(ഇ) സിവിൽ സർജന്റെ രണ്ടും അസിസ്റ്റന്റ് സർജന്റെ മൂന്നും തസ്തികകളാണ് ഉള്ളത്. ഇതിൽ സിവിൽ സർജന്റെ ഒരു ഒഴിവും അസിസ്റ്റന്റ് സർജന്റെ ഒരു ഒഴിവും നിലവിലുണ്ട്.

(എഫ്) ലഭ്യതയനുസരിച്ച് ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly